# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3097** — **28.01.2014 ൽ മറുപടിക്ക്**

## മാവേലി സ്റ്റോറുകളിലെ വിറ്റുവരവ്

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സാമ്പത്തികവർഷം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) ഈ സാമ്പത്തികവർഷം പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള 23 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പല മാവേലിസ്റ്റോറുകളിലും വിറ്റുവരവ് ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) മാവേലിസ്റ്റോറുകളിലെ വിറ്റുവരവ് മുൻ കാലങ്ങളെ അപേക്ഷിച്ച് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കർശനമായ നിരീക്ഷണ സംവിധാനവും തുടരെ തുടരെയുള്ള അവലോകന മീറ്റിങ്ങുകളും മാവേലി സ്റ്റോറുകളുടേയും സൂപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ സബ്സിഡി സാധനങ്ങളുടേയും മറ്റ് അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തിയതും, വെളിച്ചെണ്ണയും അരിയും സബ്സിഡി ഇനത്തിൽ ഉൾപ്പെടുത്തിയതും ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നുണ്ട്. ഒപ്പം മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടാൻ ഉപകരിച്ചിട്ടുമുണ്ട്. |

Beena

സെക്ഷൻ ഓഫീസർ